(ബി) അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാർഷിക സംരക്ഷണ സമിതി കിഴക്കുംഭാഗം; പിണറായി, പ്രസിഡന്റ് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് എന്നിവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 2011-ൽ ആർ.ഐ.ഡി.എഫ്. 16-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരൻ 34% അധികം ക്വാട്ട് ചെയ്തെങ്കിലും 5% അധികം അംഗീകരിച്ച് ടെണ്ടർ ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായില്ല. വീണ്ടും 2012 നിരക്കുപ്രകാരം 70.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിനുശേഷം പല പ്രാവശ്യം ടെണ്ടർ ചെയ്തു. കരാറുകാർ ആരും വരാത്തതിനാൽ ക്വട്ടേഷൻ വിളിക്കുകയും ഒരു കരാറുകാരൻ 49.50% അധികം ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തുക ചെലവഴിച്ചിട്ടില്ല.

**സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള കുളങ്ങളും ജലസംഭരണികളും**

189 (878) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 വരെയുള്ള കണക്കുകൾ പ്രകാരം സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി ചെറുതും വലുതുമായ എത്ര കുളങ്ങളും ജലസംഭരണികളും ഉണ്ട് ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നെന്നും, അതിൽ എത്രതുക ചെലവഴിച്ചെന്നും എത്ര കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും എത്രയെണ്ണമാണ് നവീകരിച്ചതെന്നും വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് ആകെയുള്ള കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആധികാരിക കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 40,024 പൊതു ജലാശയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ പൊതു ജലാശയങ്ങൾ സംബന്ധിച്ച വിവരം കണക്കാക്കിയിട്ടില്ല. കേരള ഇലക്ട്രിസിറ്റി ബോർഡിന്റേതുൾപ്പെടെ ആകെ 53 ജലസംഭരണികൾ ഉണ്ട്. അവയുടെ മൊത്തം സംഭരണശേഷി 5600$mm^3$ ആണ്.

(ബി) ചെയ്തിട്ടുണ്ട്.

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 194 കുളങ്ങൾ നവീകരിച്ചു. റെനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്/ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ ചെലവഴിച്ചിട്ടുണ്ട്. (4702-00-101-87-01 Renovation of ponds).

(ഡി) ലഭ്യമാണ്. സംസ്ഥാനത്താകെ 40,024 പൊതുകുളങ്ങൾ ഉള്ളതായും 44 നദികളിലായി 39111 കി.മി. വൃഷ്ടി പ്രദേശമുള്ളതായും കണക്കാക്കിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്**

190 (879) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം - വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്കൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly